ഉത്തരം

1964-ലെ ഭൂമിപതിവ് ചട്ടങ്ങൾ അനുസരിച്ച് പട്ടയം നൽകുന്ന റവന്യൂ ഭൂമിയിലെ വീട്ടി, തേക്ക് മുതലായ വൃക്ഷങ്ങൾ സർക്കാരിൽ നിക്ഷിപ്തമാണ്. ഇത്തരം വൃക്ഷങ്ങളെ അപ്പാടെ മുറിച്ചുമാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. മുറിച്ചു മാറ്റേണ്ട സാഹചര്യമുണ്ടാകുന്ന കേസ്സുകളിൽ നിയമാനുസൃതമായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

103 (1329) മുറിച്ചുമാറ്റിയ വീട്ടിമരങ്ങൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലവയൽ കോളണൈസേഷൻ ഭൂമിയിൽനിന്നും മുറിച്ചു മാറ്റിയ വീട്ടിമരങ്ങൾ മുഴുവനായും ഇതേവരെ നീക്കംചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് എത്രയുംപെട്ടെന്ന് ഇവ നീക്കംചെയ്യാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവ വൈകാതെ നീക്കംചെയ്യുന്നതിനുള്ള നടപടികൾ വനം വകുപ്പിൽനിന്നും കൈക്കൊള്ളുന്നതാണ്.

104 (1330) ആലപ്പുഴ ലാന്റ് ട്രിബ്യൂണൽ ഓഫീസ്

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലാ ആസ്ഥാനത്ത് പ്രവർത്തിച്ചുവന്നിരുന്ന ലാന്റ് ട്രിബ്യൂണൽ ഓഫീസ് നിർത്തലാക്കിയതുമൂലം അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിലെ കർഷകർക്കു അനുഭവപ്പെടുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർത്തലാക്കിയ ഓഫീസ് ആലപ്പുഴ നഗരത്തിൽത്തന്നെ വീണ്ടും തുറക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഓഫീസ് ആലപ്പുഴയിൽ വീണ്ടും പ്രവർത്തിക്കുന്നതുവരെ നഗരത്തിൽ ആഴ്ചയിൽ ഒന്നോ, രണ്ടോ സിറ്റിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലപ്പുഴ ജില്ലാ ആസ്ഥാനത്ത് പ്രവർത്തിച്ചുവന്നിരുന്ന ലാന്റ് ട്രിബ്യൂണലിന്റെ അധികാരപരിധി ചേർത്തല ലാന്റ് ട്രിബ്യൂണലിന് നല്കിയതുമൂലം കക്ഷികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കണക്കാക്കി, ചേർത്തല ലാൻറ് ട്രിബ്യൂണൽ എല്ലാ ആഴ്ചയിലും, ആലപ്പുഴവെച്ചും, മാവേലിക്കര വെച്ചും സിറ്റിംഗ് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly